# അക്കാദമിക് മാസ്റ്റർ പ്ലാൻ
# 2025-26

## ഗവ.ഹയർ സെക്കന്ററി സ്കൂൾ കാട്ടിക്കുളം
## കാട്ടിക്കുളം പി ഒ



# വയനാട്

വിദ്യാലയത്തിന്റെ പേര് - ഗവ.ഹയർ സെക്കന്ററി സ്കൂൾ കാട്ടിക്കുളം
സ്കൂൾ കോഡ് -15009
ബി.ആർ.സി - മാനന്തവാടി
ജില്ല – വയനാട്

**ആമുഖം:**

കർണാടകയിലെ കുടക് മലനിരയോട് ചേർന്ന് ബ്രഹ്മഗിരിയുടെ താഴ്വരയിൽ സ്ഥിതി ചെയ്യുന്ന ഒരു പൗരാണികഗ്രാമമാണ് തിരുനെല്ലി. തെക്കൻ കാശി എന്നറിയപ്പെടുന്ന തിരുനെല്ലിയുടെ പാതയോരത്ത് വിജ്ഞാനത്തിന്റെ പ്രഭ വിതറി പരിലസിക്കുന്ന വിദ്യാലയമാണ് കാട്ടിക്കുളം ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ.

ആറു പതിറ്റാണ്ട് മുമ്പ് ഒരു സുപ്രഭാതത്തിൽ നവജീവൻ കൈവന്ന ബ്രഹ്മഗിരിയുടെ താഴ്വാരത്തിലെ ഈ സരസ്വതീക്ഷേത്രം വനശ്രീയുടെ ഹരിതാഭയും ഗ്രാമീണതയുടെ നിഷ്കളങ്കതയും പേറി യാത്ര തുടരുകയാണ്. അഗ്നിയെ അക്ഷരമാക്കി തലമുറകൾക്ക് വെളിച്ചം പകരുകയാണ് ഇന്നും ഈ വിദ്യാലയം.

കാട്ടിക്കുളം വിദ്യാലയത്തിന്റെ ആരംഭവും ചരിത്രത്തിലെ വളർച്ചയും തളർച്ചയും പിന്നീടുള്ള ഉയർച്ചയും എങ്ങനെയെല്ലാമായിരുന്നുവെന്ന് കണ്ടെത്താനുള്ള ശ്രമമാണ് ഈ ചരിത്രരചന. വിദ്യാലയത്തിന്റെ ചരിത്രത്തിലേയ്ക്ക് നമുക്കൊന്നിറങ്ങിച്ചെല്ലാം.

**സ്കൂളിന്റെ പ്രാരംഭകാലം:**

മലബാർ ഡിസ്ട്രിക്റ്റ് ബോർഡിനു കീഴിൽ 1955 നവംബർ 22 ന് ഏകാധ്യാപക വിദ്യാലയമായി പ്രവർത്തനമാരംഭിച്ചു. ശ്രീ. എം. സി. ബാലകൃഷ്ണൻ നമ്പ്യാരായിരുന്നു സ്കൂളിന്റെ സ്ഥാപക ഹെഡ്മാസ്റ്റർ. വിദ്യാലയം ആരംഭിക്കുന്നതിനു മുമ്പ് കാട്ടിക്കുളത്തെ പള്ളിപ്പടിഞ്ഞാറ്റേതിൽ ഫിലിപ്പ് മാസ്റ്റർ ഒരു ട്യൂഷൻ സെന്റർ നടത്തിയിരുന്നു. ഈ ട്യൂഷൻ സെന്ററിൽ നിന്നുള്ള

കുട്ടികളടക്കം ഒന്നു മുതൽ മൂന്നു വരെ ക്ലാസ്സുകളിലായി 43 കുട്ടികൾ ആരംഭത്തിൽ ഉണ്ടായിരുന്നു.

താഴെ കാട്ടിക്കുളത്ത് സ്ഥിതി ചെയ്യുന്ന ഇപ്പോഴത്തെ ആർ.ടി.ഒ. ഓഫീസ് പരിസരത്ത് മമ്മു അധികാരിക്കുണ്ടായിരുന്ന ഒരു കെട്ടിടത്തിലാണ് സ്കൂൾ ആരംഭിച്ചത്. തുടർന്ന് കാട്ടിക്കുളം ആന്റ് ആലത്തൂർ എസ്റ്റേറ്റ് ഉടമകളായ ഹ്യൂബർട്ട് വാൻ ഇൻഗൻ, ജ്യൂബർട്ട് വാൻ ഇൻഗൻ എന്നീ സഹോദരന്മാർ ആദ്യമായി നൽകിയ ഇന്നത്തെ സ്ഥലത്ത് നാട്ടുകാരുടെ സഹായത്തോടെ ഒരു ഓലഷെഡ് നിർമിച്ചു. വിദ്യാലയം സ്ഥാപിക്കുന്നതിനും ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിനും തദ്ദേശ വാസികളായ അണമല വീട്ടിലെ ശ്രീ. വി.സി. തിമ്മപ്പൻ ചെട്ടി , മമ്മു അധികാരി, കണ്ണൻ നായർ, പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. എം.കൃഷ്ണവാര്യർ, അംശം മേനോൻ ശ്രീ. സി.എം. ഗോവിന്ദൻ നായർ തുടങ്ങിയവർ സ്തുത്യർഹമായ സേവനങ്ങൾ നൽകി. അതോടൊപ്പം തന്നെ കൂടുതൽ കുട്ടികളെ സ്കൂളിൽ എത്തിക്കുന്നതിനും സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും നേതൃത്വപരമായ പങ്കുവഹിച്ചത് ശ്രീ. എം. നാരായണൻ നമ്പൂതിരി മാസ്റ്ററാണ്.30-09-1957 ൽ മലബാർ ഡിസ്ട്രിക്ട് ബോർഡ് വിദ്യാലയങ്ങൾ ഗവൺമെന്റ് ഏറ്റെടുത്തു. അങ്ങനെ ഈ വിദ്യാലയം ഒരു ഗവൺമെന്റ് സ്ഥാപനമായി. 1957-58 കാലഘട്ടത്തിൽ കാട്ടിക്കുളം എൽ. പി. സ്കൂൾ യു. പി. സ്കൂളായി ഉയർത്തപ്പെട്ടു.

പിൽക്കാലത്ത് ശ്രീ. അനന്തൻ മാസ്റ്റർ ദീർഘകാലം ഹെഡ്മാസ്റ്ററായി സേവനമനുഷ്ഠിച്ചു. ഇദ്ദേഹത്തോടൊപ്പം ശ്രീ. വി.സി.പുരുഷോത്തമൻ, കെ. മോഹൻ കുമാർ, പി.കെ.രാജൻ,പി.എ.ഭാസ്കരൻ തുടങ്ങിയ നിരവധി അധ്യാപകർ വിവിധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. ഈ കാലഘട്ടത്തിൽ ഡിപ്പാർട്ടുമെന്റിൽ നിന്ന് രണ്ടു കെട്ടിടങ്ങളും ബ്ലോക്കിൽ നിന്ന് കിണറും അനുവദിച്ചു. ഈ സൗകര്യങ്ങളൊക്കെയുണ്ടായിരുന്നെങ്കിലും ഹൈസ്കൂൾ ക്ലാസിന്റെ അഭാവത്താൽ മിക്ക കുട്ടികളുടേയും പഠനം ഏഴാം ക്ലാസ്സോടെ അവസാനിച്ചിരുന്നു.

ഇക്കാലമത്രയും സെക്കന്ററി വിദ്യാഭ്യാസത്തിനായി

കുട്ടികൾ മാനന്തവാടിയിലോ പയ്യമ്പള്ളിയിലോ പോകേണ്ടി വന്നു. കാട്ടിക്കുളം സ്കൂളിന് സെക്കന്ററി ക്ലാസ്സുകൾ ആവശ്യമാണ് എന്ന് തിരിച്ചറിഞ്ഞ അന്നത്തെ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. കെ.സി. കുമാരൻ ചെയർമാനായി ഒരു സ്കൂൾ സ്പോൺസറിംഗ് കമ്മിറ്റി രൂപീകരിച്ച് കമ്മിറ്റിയുടെ നേതൃത്വത്തിൽ ഹൈസ്കൂൾ അനുവദിച്ചുകിട്ടാനുള്ള ശ്രമങ്ങൾ ആരംഭിച്ചു.

1980 ൽ രജതജ്ജൂബിലി വർഷത്തിൽ വിദ്യാലയം ഹൈസ്കൂളായി ഉയർത്തപ്പെട്ടു. എട്ടാം ക്ലാസ്സ് ആരംഭിക്കുകയും ശ്രീ.എൻ. കുഞ്ഞിക്കണ്ണൻ മാസ്റ്റർ ഇവിടെ ടീച്ചർ ഇൻ ചാർജ് ആയി ചുമതലയേൽക്കുകയും ചെയ്തു. ഹൈസ്കൂൾ ക്ലാസ്സുകൾ ആരംഭിക്കുന്നതിനുള്ള സ്ഥലമോ മറ്റു സൗകര്യങ്ങളോ ഒന്നും തന്നെ ഉണ്ടായിരുന്നില്ല. സ്കൂൾ സ്പോൺസറിംഗ് കമ്മിറ്റി വാൻ ഇൻഗൻ സഹോദരന്മാരെ സമീപിക്കുകയും അവർ വീണ്ടും സ്ഥലം സംഭാവനയായി നൽകുകയും ചെയ്തു. അങ്ങനെ നിലവിൽ രണ്ട് ഏക്കർ 48 സെന്റ് സ്ഥലം സ്കൂളിന് അനുവദിക്കപ്പെട്ടു.

ശ്രീമാൻ അനന്തൻ നമ്പ്യാർ, ഇ.ഡി. തിമ്മപ്പൻ ചെട്ടി, ടി.സി. ജോസഫ്, പാലത്തിങ്കൽ ചന്ദ്രശേഖരൻ തുടങ്ങിയ ധാരാളം സുമനസ്സുകൾ സ്പോൺസറിംഗ് കമ്മിറ്റിയോടൊപ്പം പ്രവർത്തിച്ചു. കമ്മിറ്റിയുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുവാൻ അർപ്പണമനോഭാവത്തോടെ സജീവ സാന്നിധ്യമായി പ്രവർത്തിച്ചത് ശ്രീ. എൻ. കുഞ്ഞിക്കണ്ണൻ മാസ്റ്ററായിരുന്നു. അക്കാലത്ത് പി.ടി.എ. പ്രസിഡന്റായി സേവനമനുഷ്ഠിച്ച ശ്രീ. ടി.സി.ജോസഫ് എല്ലാം കോർത്തിണക്കുന്നതിന് അശ്രാന്തപരിശ്രമം ചെയ്യുകയും ചെയ്തു.

ഇക്കാലഘട്ടത്തിലെ ഹെഡ്മാസ്റ്ററായിരുന്ന ശ്രീ.ചന്ദ്രൻ മാസ്റ്ററുടെ നേതൃത്വത്തിൽ ഒരു സംഘം അധ്യാപകർ ഹൈസ്കൂൾ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം കുട്ടികളേയും രക്ഷിതാക്കളേയും ബോധ്യപ്പെടുത്താൻ ശ്രമിച്ചു. അക്കാലത്ത് മിക്ക അധ്യാപകരും തെക്കൻ തിരുവിതാംകൂറിൽ നിന്നുള്ളവരായിരുന്നു. അവരിൽത്തന്നെ ഭൂരിഭാഗവും താൽക്കാലികാധ്യാപകരായിരുന്നു. അധ്യാപക തസ്തികകൾ പലതും ഒഴിഞ്ഞു കിടന്നു. കുട്ടികളുടേയും രക്ഷിതാക്കളുടേയും താൽപ്പര്യക്കുറവ്, ഹാജർനിലവാരം, യാത്രാ

ക്ലേശങ്ങൾ,സെഷനൽ സമ്പ്രദായം, കെട്ടിടങ്ങളുടെ അഭാവം, സാമ്പത്തിക പിന്നോക്കാവസ്ഥ തുടങ്ങി നിരവധി പ്രശ്നങ്ങൾ സ്കൂളിലെ പഠന നിലവാരത്തേയും ബാധിച്ചു.

1983 ലെ ആദ്യ എസ്.എസ്.എൽ.സി.ബാച്ചിൽ എൽസി എന്ന ഒരു വിദ്യാർഥിനി മാത്രമാണ് വിജയിച്ചത്. തുടർന്നുള്ള വർഷങ്ങളിൽ പിന്തുണാസംവിധാനം ദുർബലമാവുകയും ചെയ്തു. എങ്കിലും തളരാതെ പിടിച്ചുനിൽക്കാൻ സഹായിച്ചത് കുഞ്ഞിക്കണ്ണൻ മാസ്റ്ററായിരുന്നു.

കോഫി ബോർഡിന്റേയും സ്റ്റാഫ് കൗൺസിലിന്റേയും സാമ്പത്തിക സഹകരണത്തോടെ ഇപ്പോഴത്തെ സ്റ്റാഫ് മുറി പണിതത് ഇക്കാലത്താണ്. സ്കൂൾ പരിസരം ഹരിതാഭമാക്കൽ, പച്ചക്കറിത്തോട്ടങ്ങൾ,കളിസ്ഥലം വിപുലപ്പെടുത്തൽ തുടങ്ങിയ പ്രവർത്തനങ്ങൾക്ക് കുഞ്ഞിക്കണ്ണൻ മാസ്റ്റർ നേതൃത്വം നൽകി. പച്ചക്കറിത്തോട്ടങ്ങൾക്ക് രണ്ടുവർഷം ജില്ലാതലത്തിൽ കൃഷി വകുപ്പിൽ നിന്ന് സമ്മാനങ്ങളും ലഭിച്ചു. ഈ തുക നിക്ഷേപിച്ച് അതിന്റെ പലിശ കൊണ്ട് വർഷാവർഷം സ്കൂളിലെ കാർഷിക പ്രവർത്തനങ്ങൾക്കുള്ള പണം കണ്ടെത്താനുള്ള ഏർപ്പാടുകളും ചെയ്തു അദ്ദേഹം.

## സ്കൂൾ അഭിവൃദ്ധിയിലേയ്ക്ക്...

ഭൗതിക സൗകര്യങ്ങളൊരുക്കുന്നതിന്റെ ഭാഗമായി കാട്ടിക്കുളത്തെ ഫ്രണ്ട്സ് റിക്രിയേഷൻ ക്ലബ്ബ് രണ്ടു ക്ലാസ് മുറികളുള്ള ആസ്ബസ്റ്റോസ് മേഞ്ഞ ഒരു കെട്ടിടം നൽകി. ശ്രീ.ടി.സി. ജോസഫ് പ്രസിഡന്റായിരുന്ന കാലത്ത് ഒരു സ്റ്റേജ് നിർമിച്ചു. ആറാം ക്ലാസ്സിൽ പഠിച്ചിരുന്ന എൻ. കെ. പ്രദീപൻ എന്ന കുട്ടിയുടെ അകാല നിര്യാണത്തെത്തുടർന്ന് കുട്ടിയുടെ പിതാവ് രണ്ടാം ഗേറ്റിലെ നാണുവേട്ടൻ ആറാം തരം മുതൽ പത്താം തരം വരെ പഠിക്കുന്ന മികച്ച വിദ്യാർഥികൾക്കായി ഒരു സ്കോളർഷിപ്പും ഏർപ്പെടുത്തി. സ്പോർട്സ് രംഗത്ത് മികച്ച സംഭാവനകൾ നൽകാൻ വിദ്യാലയത്തിന് കഴിഞ്ഞു. ഈ പാരമ്പര്യം അറുപതുകളിലെത്തി നിൽക്കുന്ന ഈ വിദ്യാലയം ഇന്നും നിലനിർത്തിപ്പോരുന്നു. തുടർച്ചയായി ജില്ലാ കായികമേളകളിൽ ഈ സ്കൂളിലെ വിദ്യാർഥികൾ

മികച്ചപ്രകടനം കാഴ്ചവെക്കുന്നു.

സംസ്ഥാന തല യുവജനോത്സവങ്ങളിൽ ഇവിടുത്തെ വിദ്യാർ ഥികൾ സമ്മാനാർഹരായിട്ടുണ്ട്. കലാകായിക രംഗങ്ങളിൽ കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നതിനായി പാലത്തുങ്കൽ ചന്ദ്രശേഖരൻ, വി.സി. തിമ്മപ്പൻ ചെട്ടി, സെന്റ് പീറ്റേഴ്സ് ചർച്ച്, എൻ. കുഞ്ഞിക്കണ്ണൻ എന്നിവർ ട്രോഫികളും ഏർ പ്പെടുത്തി.

ജനകീയാസൂത്രണത്തെ തുടർന്നുള്ള വികസന പ്രവർ ത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കിത്തുടങ്ങിയതോടെ ഈ വിദ്യാലയത്തിനും അതിന്റെ പങ്ക് ലഭിച്ചു തുടങ്ങി. ശ്രീ.സി.കെ.ശങ്കരന്റെ നേതൃത്വത്തിലുള്ള പി.ടി.എ. കമ്മിറ്റിയുടെ ശ്രമഫലമായി വിദ്യാലയത്തിന് കൂടുതൽ ഭൗതിക സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ സാധിച്ചു. ഷിഫ്റ്റ് സമ്പ്രദായം ഒഴിവായി. രാജ്യസഭാംഗങ്ങളായിരുന്ന ശ്രീ.എം.എ. ബേബി,വി.എസ്.വിജയരാഘവൻ എന്നിവരുടേയും ലോകസഭാംഗങ്ങളായിരുന്ന മുല്ലപ്പള്ളി രാമചന്ദ്രൻ, എ.പി.അബ്ദുള്ളക്കുട്ടി എന്നിവരുടേയും പ്രാദേശിക വികസനഫണ്ടിൽ നിന്ന് സ്കൂളിന് കെട്ടിടങ്ങൾ അനുവദിച്ചു കിട്ടി. കൂടാതെ മാനന്തവാടി നിയോജക മണ്ഡലം എം.എൽ.എ. ശ്രീമതി രാധാ രാഘവനും കെട്ടിടം, കമ്പ്യൂട്ടർ മുതലായവയ്ക്ക് ഫണ്ട് അനുവദിച്ചു.

കൂടാതെ വൈദ്യുതീകരണം, കുടിവെള്ള വിതരണം, കമ്പ്യൂട്ടറുകളും കമ്പ്യൂട്ടർ റൂമും, ലാബും ലാബുപകരണങ്ങളും, ലൈബ്രറി പുസ്തകങ്ങൾ,ബ്ലോക്ക് പഞ്ചായത്തിൽ നിന്നും, എം.പി. ഫണ്ടിൽ നിന്നും ചുറ്റു മതിൽ തുടങ്ങിയ പ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ട് അനുവദിച്ചു കിട്ടുകയുണ്ടായി. ഭൗതിക സൗകര്യങ്ങളുടെ ത്വരിതഗതിയിലുള്ള വികസനം തുടങ്ങിവെച്ചത് ശ്രീ. സി.കെ.ശങ്കരന്റെ നേതൃത്വത്തിലുള്ള പി.ടി.എ. കമ്മിറ്റിയുടെ ശ്രമഫലമാണ്.

പിന്നീട് കാലാകാലങ്ങളിൽ ഉണ്ടായിരുന്ന പി.ടി.എ. പ്രസിഡന്റുമാർ , തിരുനെല്ലി ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, വാർഡു മെമ്പർമാർ തുടങ്ങിയവരുടെ നേതൃത്വവും സഹായങ്ങളും സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ

മെച്ചപ്പെടുത്തുവാൻ സഹായകമായി. കൂടാതെ പ്രദേശത്തെ രാഷ്ട്രീയ സാമൂഹ്യ പ്രവർത്തകരും , വിവിധ സംഘടനാ പ്രവർത്തകർ, വ്യാപാരി വ്യവസായികളുടെ സംഘടനകൾ, പി.ടി.എ. എക്സിക്യൂട്ടീവ് അംഗങ്ങൾ, രക്ഷിതാക്കൾ തുടങ്ങി എല്ലാവരുടേയും സഹകരണം ലഭിച്ചു.

ജനപ്രതിനിധികളുടേയും, പി.ടി.എ. കമ്മിറ്റിയുടേയും ശ്രമഫലമായി 2004 ൽ ഈ വിദ്യാലയം ഹയർ സെക്കന്ററിയായി ഉയർത്തപ്പെട്ടു. സയൻസ്, കൊമേഴ്സ്, ഹ്യുമാനിറ്റീസ് ബാച്ചുകളിലായി 400-ഓളം കുട്ടികൾ ഇവിടെ അധ്യയനം നടത്തുന്നു.2013-14 അധ്യയന വർഷത്തിൽ ബ്ലോക്ക് പഞ്ചായത്തിന്റെ സഹായത്തോടെ കുടിവെള്ളവിതരണം കാര്യക്ഷമമായി. ഇപ്പോൾ വിദ്യാലയത്തിൽ ഹയർ സെക്കന്ററി ഡയറക്ടറേറ്റിന്റെ ആഭിമുഖ്യത്തിൽ ആധുനിക രീതിയിലുള്ള ശുചിമുറികളുടെ നിർമാണവും നടന്നുവരുന്നു. രണ്ടായിരത്തോളം വിദ്യാർഥികൾ പഠിക്കുന്ന ഈ വിദ്യാലയത്തിന് ആവശ്യമായ കളിസ്ഥലമില്ല എന്ന വസ്തുത ഇപ്പോഴും നില നിൽക്കുന്നു. പഴകിയ കെട്ടിടങ്ങളും, ഇടുങ്ങിയ ക്ലാസ് മുറികളും ഈ വിദ്യാലയത്തിന്റെ അധ്യയനത്തെ സാരമായി ബാധിക്കുന്നുണ്ടെന്ന് സമ്മതിക്കാതെ തരമില്ല.

ഇന്ന് ഹൈസ്കൂൾ വിഭാഗത്തിൽ 35 ഡിവിഷനിലും ഹയർ സെക്കന്ററിയിൽ മൂന്ന് വിഭാഗങ്ങളിലുമായി 1500- ലേറെ വിദ്യാർഥികൾ പഠനം നടത്തിവരുന്നു. ഒന്നു മുതൽ പത്തു വരെ ക്ലാസ്സുകളിൽ ഇംഗ്ലീഷ് മീഡിയം ഡിവിഷനുകളും പ്രവർത്തിക്കുന്നു. 75-ഓളം അധ്യാപക- അധ്യാപകേതര ജീവനക്കാർ ഈ വിദ്യാലയത്തിൽ പ്രവർത്തിക്കുന്നു. വിദ്യാലയത്തിൽ വിവിധ ക്ലബ്ബുകൾ നന്നായി പ്രവർത്തിക്കുന്നു. രജത ജൂബിലി വർഷം ഇവിടെ സ്കൗട്ട് യൂണിറ്റ് തുടങ്ങി. ഇപ്പോൾ ജെ.ആർ.സി, എസ്.പി.സി,ഗൈഡ്സ്, എൻ.എസ്.എസ് , ലിറ്റിൽ കൈറ്റ്സ് തുടങ്ങിയ ക്ലബ്ബുകളും പ്രവർത്തിക്കുന്നു. ലബോറട്ടറി, സ്കൂൾ ലൈബ്രറി, സഞ്ചയിക തുടങ്ങിയവയുടെ പ്രവർത്തനങ്ങൾ നന്നായി നടക്കുന്നു. മികച്ച അച്ചടക്കം പുലർത്തുന്നതിൽ അധ്യാപകരും വിദ്യാർ ഥികളും, രക്ഷാകർതൃ സമിതിയും കൂട്ടായി പ്രവർത്തിക്കുന്നു. പുതിയ പാഠ്യ പദ്ധതി

അനുസരിച്ചുള്ള പ്രവർത്തനങ്ങൾ വിദ്യാലയത്തിനുള്ളിൽ ചിട്ടയോടെ നടക്കുന്നു. കലാമത്സരങ്ങളിലും, കായിക മത്സരങ്ങളിലും പരമാവധി വിദ്യാർഥികളെ പങ്കെടുപ്പിക്കുന്നു.തുടർച്ചയായി 13 വർഷം ജില്ലാ ചാമ്പ്യന്മാരാണ് നമ്മൾ. സ്കൂൾ പാർലമെന്റ്, ക്ലാസ് സഭ തുടങ്ങിയവയുടെ പ്രവർത്തനങ്ങൾ മികച്ചരീതിയിൽ നടക്കുന്നു. ഈ വർഷം സ്കൂൾ റേഡിയോ, സ്കൂൾ ഡിജിറ്റൽ പത്രം എന്നിവ ഈ വർഷം ആരംഭിക്കുന്നു.

എസ്.എസ്.എൽ.സി. റിസൾറ്റ് പടിപടിയായി ഉയർത്തിക്കൊണ്ടുവരുവാൻ സാധിക്കുന്നു.റിസൾറ്റ് ഉയർത്താനായി ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ ഡേ ക്യാമ്പ്, നൈറ്റ് ക്യാമ്പ് തുടങ്ങിയ പ്രവർത്തനങ്ങൾ അധ്യാപകരുടേയും, രക്ഷിതാക്കളുടേയും സഹകരണത്തോടെ നടത്തിവരുന്നു.
പരാധീനതകളുടേയും, പരിമിതികളുടേയും നടുവിൽ നിന്നുകൊണ്ട് ഈ വിദ്യാലയം പുരോഗതിയുടെ പാതകൾ താണ്ടുകയാണ്.

കുടിവെള്ളം, കളിസ്ഥലം, കുട്ടികളുടെ അടിസ്ഥാനാവശ്യങ്ങൾ നിർ വഹിക്കുന്നതിനുള്ള സൗകര്യം, കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനുള്ള ചുറ്റുമതിൽ സംവിധാനം, ലൈബ്രറി, ലാബ്, ഓഡിറ്റോറിയം തുടങ്ങിയ ഒട്ടേറെ കാര്യങ്ങളിലുള്ള പരിമിതി ഈ സ്കൂളിന്റെ വികസനത്തിന് വിലങ്ങുതടിയായി നിൽക്കുന്നു. പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പി ടി എ യുടേയും സ്കൂൾ വികസന സമിതിയുടേയും ബഹു. എം എൽ എ ഒ ആർ കേളുവിന്റേയും നേതൃത്വത്തിൽ ശക്തമായ ഇടപെടൽ ഉണ്ടായി. ഇതിന്റെ ഫലമായി സർക്കാറിന്റെ സ്പെഷ്യൽ ഫണ്ടിൽ നിന്നും 3 കോടി രൂപ ഹയർ സെക്കന്ററി ഡയറക്ടറേറ്റിൽ നിന്നും 2 കോടി രൂപ എം എൽ എ യുടെ വികസന ഫണ്ടിൽ നിന്നും 1 കോടിരൂപ ഉൾപെടെ 6 കോടി രൂപ സ്കൂളിന് അനുവദിക്കപ്പെട്ടു. പ്രസ്തുത ബിൽഡിംഗ് നിർമിക്കാനുള്ള സ്ഥലം കണ്ടെത്തുക എന്നതായിരുന്നു മറ്റൊരു വെല്ലുവിളി. ഈ പ്രശ്നം പരിഹരിക്കുന്നതിനായി സ്കൂളിനോട് ചേർന്നു നിൽക്കുന്ന 40 സെന്റ് സ്ഥലം സെന്റിന് 58000 രൂപ നിരക്കിൽ വാങ്ങാൻ തീരുമാനിക്കുകയും വാങ്ങുകയും ചെയ്തു. സർക്കാറിന്റെ സ്പെഷൽ ഫണ്ടിൽ നിന്നും അനുവദിച്ച 3 കോടി രൂപ ഉപയോഗിച്ച് 15 ക്ലാസ് റൂമുകളും ഓഫീസ്റൂമും സ്ററാഫ് റൂമും ലൈബ്രറിയും ഉൾപെടുന്ന 3 നില കെട്ടിടത്തിലാണ് ഇപ്പോൾ ഹൈസ്കൂൾ വിഭാഗം

പ്രവർത്തിക്കുന്നത്.

കാട്ടിക്കുളം ഹയർ സെക്കന്ററി സ്കൂളിനെ ഹൈടെക്ക് പദവിയിലേക്കുയർത്തുന്നതിന് പി ടി എ യുടേയും സ്കൂൾ വികസന സമിതിയുടേയും സജീവമായ ഇടപെടലുണ്ടായി. 23 ക്ലാസ് റൂമുകളാണ് ഹൈടെക്കിനായി സജ്ജീകരിക്കേണ്ടിയിരുന്നത് .ഇതിനായി സ്പോൺസർമാരിൽ നിന്നും പ്രദേശവാസികളിൽ നിന്നും അധ്യാപകരിൽ നിന്നും സ്വരൂപിച്ച 823000 രൂപ ഉപയോഗിച്ച് 20 ക്ലാസ് റൂമുകൾ ടൈൽ ചെയ്യുകയും ഇത്രയും റൂമുകളുടെ വയറിംഗ്, ഫ്ലോറിംഗ്, ഷെൽഫ് നിർമാണം, പെയിന്റിംഗ്, വാതിൽ-ജനൽ നവീകരണം തുടങ്ങിയ ജോലികൾ പൂർത്തീകരിക്കുകയും ചെയ്തു. ഹൈടെക്ക് പ്രവർത്തിന്റെ ഭാഗമായി സ്കൂൾ കാമ്പസ് പൂർണമായും കവർ ചെയ്യുന്ന രീതിയിൽ 8 കാമറകൾ ഉപയോഗിച്ചുള്ള സിസിടിവി സംവിധാനവും ഒരുക്കിയിട്ടുണ്ട്. പ്രിൻസിപ്പാൾ ശ്രീമതി മഞ്ജു പി സി, ഹെഡ്മിസ്ട്രസ്സ് ശ്രീമതി സബ്രിയ ബീഗം പി എന്നിവരുടേയും ശക്തമായ നേതൃത്വം വിദ്യാലയത്തിന്റെ സർവതോന്മുഖമായ വികസനത്തിന് മുതൽ ക്കൂട്ടാവുന്നു. വിദ്യാഭ്യാസം ഏറ്റവും കച്ചവടസാധ്യതയുള്ള ഒരു വ്യവസായമായി മാറിയ വർത്തമാനകാല പരിസ്ഥിതിയിൽ , പൊതുവിദ്യാഭ്യാസത്തിന്റെ പ്രാധാന്യം എടുത്തുപറയുകയാണ് ഈ വിദ്യാലയം. വിദ്യാലയത്തിന്റെ പൂർ വപാരമ്പര്യത്തെ സ്മരിച്ച് , വർത്തമാനകാലത്തെ വിലയിരുത്തി പഠന നിലവാരത്തിലൂടെയും, പാഠ്യേതര പ്രവർത്തനങ്ങളിലൂടെയും വിദ്യാലയത്തിന്റെ ഭാവി ഭാസുരമാക്കാൻ പ്രതിജ്ഞാബദ്ധരാണ് വിദ്യാലയാധികൃതർ.

എല്ലാ വിദ്യാർഥികൾക്കും മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നതിനായി സ്കൂളിന്റെ ഭൗതിക സൗകര്യം കാലോചിതമായി മെച്ചപ്പെടുത്തുകയും എല്ലാ വിദ്യാർഥികളുടേയും പഠനനിലവാരം ഉയർ ത്തിക്കൊണ്ടുവരികയും ചെയ്യുക എന്നതാണ് സ്ഥാപനം ലക്ഷ്യമാക്കുന്നത്. ഈ വർഷം സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസപദ്ധതി വർഷമാണ്. ഈ ലക്ഷ്യം നിറവേറുന്നതിനുള്ള കഠിനപ്രയത്നപാതയിലാണ് വിദ്യാലയം.

## നിലവിലുള്ള കുട്ടികളുടെ വിവരങ്ങൾ (2025-26)

| ക്ലാസ് | ആൺ | പെൺ | **ആകെ** | **എസ്.സി** | | | **എസ്.ടി** | | |
|---|---|---|---|---|---|---|---|---|---|
| | | | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1 | 21 | 15 | 36 | 1 | 0 | 1 | 14 | 6 | 20 |
| 2 | 14 | 20 | 34 | 0 | 1 | 1 | 8 | 10 | 18 |
| 3 | 23 | 23 | 46 | 0 | 0 | 0 | 10 | 15 | 25 |
| 4 | 32 | 30 | 62 | 0 | 1 | 1 | 15 | 12 | 27 |
| 5 | 43 | 49 | 92 | 1 | 0 | 1 | 14 | 20 | 34 |
| 6 | 61 | 48 | 109 | 2 | 2 | 4 | 30 | 28 | 58 |
| 7 | 44 | 42 | 86 | 1 | 1 | 2 | 25 | 14 | 39 |
| 8 | 133 | 80 | 213 | 5 | 0 | 5 | 68 | 46 | 114 |
| 9 | 123 | 86 | 209 | 1 | 3 | 4 | 72 | 41 | 113 |
| 10 | 85 | 92 | 177 | 2 | 1 | 3 | 54 | 49 | 103 |
| ആകെ | 579 | 485 | 1064 | 13 | 9 | 22 | 310 | 241 | 551 |

**അവസ്ഥാപഠനം- SSLC**

| **ക്രമനമ്പർ** | **അക്കാദമിക വർഷം** | **കുട്ടികളുടെ എണ്ണം** | **എ പ്ലസ്** | **വിജയ %** |
|---|---|---|---|---|
| 1 | 2011-12 | 206 | 14 | 92 |
| 2 | 2012-13 | 214 | 9 | 90 |
| 3 | 2013-14 | 223 | 3 | 97 |
| 4 | 2014-15 | 207 | 3 | 94 |
| 5 | 2015-16 | 201 | 6 | 88 |
| 6 | 2016-17 | 223 | 6 | 74 |
| 7 | 2017-18 | 206 | 3 | 87 |
| 8 | 2018-19 | 218 | 9 | 73 |
| 9 | 2019-20 | 216 | 4 | 87 |
| 10 | 2020-21 | 204 | 4 | 93 |
| 11 | 2021-22 | 249 | 4 | 94 |

| | | | | |
|---|---|---|---|---|
| 12 | 2022-23 | 235 | 15 | 89 |
| 13 | 2023-24 | 182 | 12 | 100 |
| 14 | 2024-25 | 192 | 3 | 99.46 |

വരുന്ന അക്കാദമിക വർഷത്തിൽ കാട്ടിക്കുളം സ്കൂളിൽ യാഥാർഥ്യമാവേണ്ട പദ്ധതിയാണ് ചുവടെ ചേർക്കുന്നത്.

## ലക്ഷ്യങ്ങൾ

- എല്ലാ വിദ്യാർഥികൾക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തുക.
- എല്ലാ ക്ലാസ്റൂമുകളിലും ഹൈടെക്ക് സൗകര്യങ്ങൾ ഉറപ്പുവരുത്തുക.
- ആധുനിക വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനായി കാലാനുസൃതമായി ഐ.സി.ടി. പഠനം മെച്ചപ്പെടുത്തുക.
- കുട്ടികളുടെ പഠനപിന്നാക്കാവസ്ഥ കണ്ടെത്തി പരിഹരിക്കുന്നതിനാവശ്യമായ പരിശീലന പാക്കേജ് തയ്യാറാക്കുക.
- എസ്.എസ്.എൽ.സി പരീക്ഷയിൽ സമ്പൂർണ വിജയം നേടുന്നതിനുള്ള പ്രവർത്തന പദ്ധതി തയ്യാറാക്കുക.
- LSS,USS,NTS,NMMSE പരീക്ഷകളിൽ മികച്ച വിജയം നേടാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുക
- ഭാഷാവിനിമയത്തെ പ്രോൽസാഹിപ്പിക്കുന്നതിനായി ഭാഷാക്ലബ്ബുകൾ ശാക്തീകരിക്കുക.
- കുട്ടികളുടെ ഹാജർ നില മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുക.
- പ്ലാസ്റ്റിക് വിമുക്ത ശുചിത്വ വിദ്യാലയം പ്രവർത്തനങ്ങൾ ശാക്തീകരിക്കുക.
- ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക.
- ലാബ്,ലൈബ്രറി പ്രവർത്തനങ്ങൾ ശാക്തീകരിക്കുക.
- ലഹരി വിരുദ്ധ പ്രവർത്ത
- പാഠ്യേതര മികവ് ഉയർത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക.
- കുട്ടികളുടെ ശാരീരിക മാനസികാരോഗ്യം മെച്ചപ്പെടുത്തുന്നതിനായി മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുക.

- പരിസ്ഥിതി ആഭിമുഖ്യം വളർത്തുന്നതിനായി ഫീൽഡ് ട്രിപ്പുകൾ, ക്യാമ്പുകൾ എന്നിവ സംഘടിപ്പിക്കുക.
- പഠനമികവിനും സാമൂഹ്യബന്ധം കൂട്ടായ്മ എന്നിവ ശക്തിപ്പെടുത്തുന്നതിനുമായി പഠനയാത്രകൾ സംഘടിപ്പിക്കുക.
- സാമൂഹ്യപിന്നാക്കാവസ്ഥയിലുള്ള വിദ്യാർത്ഥികളുടെ കലാ- സാഹിത്യാഭിരുചി പരിപോഷിപ്പിക്കുന്നതിനായി സ്കൂൾ റേഡിയോ പ്രവർത്തനങ്ങൾ ആരംഭിക്കുക.
- സ്കൂൾ പത്രം ആരംഭിക്കുക.
- കായിക മേഖലയിൽ കൂടുതൽ ഉണർവ് ലഭിക്കുന്നതിനുള്ള പ്രവർത്തന പാക്കേജ് തയ്യാറാക്കുക.

# മേഖല- അക്കാദമികം

## ഉപമേഖല – മലയാളം (എച്ച്.എസ് )

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ | -അക്ഷരങ്ങൾ ഉറപ്പിക്കൽ<br>-ചിഹ്നങ്ങൾ പരിചയപ്പെടുത്തൽ<br>-അക്ഷരക്കാർഡിലൂടെ വാക്കുകളും വാക്കുകളിലൂടെ വാക്യങ്ങളും രൂപീകരിക്കൽ<br>-ചിത്രത്തിന് അടിക്കുറിപ്പ് നൽകൽ<br>-കഥാപൂരണം<br>-പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ് | ജൂൺ- ഫെബ്രുവരി | മലയാളം അധ്യാപകർ,പീർ ഗ്രൂപ്പ് | |
| മികച്ച വായനക്കാരെ സൃഷ്ടിക്കൽ | -വിവിധ പത്രങ്ങൾ നൽകി പത്രവായനയെ പ്രോത്സാഹിപ്പിക്കൽ<br>-പുസ്തക ചർച്ച- വായനാനുഭവം പങ്കുവെക്കൽ<br>-വായനാക്കുറിപ്പ് തയാറാക്കൽ<br>-ക്ലാസ് ലൈബ്രറി രൂപീകരിക്കൽ<br>-സമീപഗ്രന്ഥശാലയിൽ അംഗത്വം | ജൂൺ- ഫെബ്രുവരി | മലയാളം അധ്യാപകർ, പി ടി എ, വിദ്യാരംഗം കലാസാഹിത്യവേദി | |

| | | | | |
|---|---|---|---|---|
| | -ബാലസഭ | | | |
| സാഹിത്യാഭിരുചി വളർത്തൽ | -പുസ്തക ചർച്ച<br>-സാഹിത്യോത്സവം (കഥാരചന, കവിതാരചന, ഉപന്യാസ രചന, നാടകരചന,തിരക്കഥാരചന )<br>-ദിനാചരണങ്ങൾ<br>-മാഗസിൻ നിർമാണം<br>-വായനക്കുറിപ്പ് മത്സരം<br><br>-ചുമർ മാഗസിൻ<br>-സാഹിത്യ ആൽബം<br>-സാഹിത്യകാരന്മാരുടെ ഫോട്ടോകൾ, മഹദ്‌വചനങ്ങൾ, കവിതാശകലങ്ങൾ, എന്നിവ  പ്രദർശിപ്പിക്കൽ<br>-ഫിലിം ഫെസ്റ്റിവൽ | ജൂൺ-ഫെബ്രുവരി | മലയാളം അധ്യാപകർ, പി ടി എ, വിദ്യാരംഗം കലാസാഹിത്യവേദി | |

## ഉപമേഖല – അറബിക് (എച്ച്.എസ് )

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തികം** |
|---|---|---|---|---|
| അറബി വായിക്കാനും എഴുതാനുമുള്ള ശേഷി വികസിപ്പിക്കുക. | അറബി വായനാ ശേഷി വികസിപ്പിക്കുക | ജൂലൈ-ഒക്ടോബർ | അറബി അധ്യാപകർ, അറബി ക്ലബ് | |
| | - സിഗ്നൽ ബോർഡ് നിർമാണം | ഒക്ടോബർ-ജനുവരി | അറബി അധ്യാപകർ, അറബി ക്ലബ് | |
| | നിഘണ്ടു, അടിക്കുറിപ്പ്, ഉപന്യാസം തയാറാക്കൽ | ജൂൺ-ജനുവരി | അറബി അധ്യാപകർ, അറബി ക്ലബ് | |
| അറബി ഭാഷ ഗ്രഹിക്കുന്നതിനും സംസാരിക്കുന്ന | അറബിക് അസംബ്ലി | | അറബി അധ്യാപകർ, അറബി ക്ലബ് | |
| | അറബി ഭാഷാദിനാചരണം | | അറബി അധ്യാപകർ, അറബി ക്ലബ് | |
| | അറബി സാഹിത്യസമാജം | | അറബി അധ്യാപകർ, | |

| | | | | |
|---|---|---|---|---|
| തിനുമുള്ള ശേഷി വർ ധിപ്പിക്ക ക | | | അറബി ക്ലബ് | |
| | ക്ലാസ് തല അറബി സംഭാഷണമത്സരം | | അറബി അധ്യാപകർ, അറബി ക്ലബ് | |
| | അറബി പ്രസംഗമത്സരം | സെപ്റ്റംബർ | അറബി അധ്യാപകർ, അറബി ക്ലബ് | |
| | അറബിക് ഫിലിം നാടക പ്രദർശനങ്ങൾ, ന്യൂസ് | ഒക്ടോബർ-നവംബർ | അറബി അധ്യാപകർ, അറബി ക്ലബ് | |
| | | | | |

## ഉപമേഖല – ഇംഗ്ലീഷ് (എച്ച്.എസ് )

| **Aim** | **Activities** | **Time** | **Duty** | **Financial** |
|---|---|---|---|---|
| To Acquire Language Skills | Bridge Course<br>A Fortnight Activities For 9 Th STD Students. Special Enrichment For Basic Skill Development.<br>1.Word Meaning<br>2.Sentence Construction<br>3.Reading<br>4. Comprehension | 2 Weeks After Reopening | Teachers | PTA |
| To Speak Confidently In English Language | 1.Spoken English Class<br>2.English Books From School Library<br>3. English Corner-Story Time.<br>4. English Cartoon Making And Show.<br>5.English Assembly. | English Periods | Teachers, SRG, club | PTA |
| To Read And Write Independently | 1.Word Card<br>2. Letter Card<br>3. Sentence Card<br>4. Public Speaking<br>5.Newspaper Reading | English Periods/ Evening | English Club, Teachers Of English | PTA |

| | | | | |
|---|---|---|---|---|
| | 6. English Diary Writing<br>7. Story Making With Pictures<br>8.Puppet Show And Skit<br>9.Games | | | |
| Pre Requisites Checking | Pre Test In All Classes | Class Time | Teachers | PTA, SRG |
| Role Playing Practise | English Assembly, Skit, Puppet Show, Finding Occasions From The Topics In The Text Books. | Class Room Activities, Assembly, Saturdays | Pta, Teachers, English Club | PTA, SRG |
| To Improve Proficiency In Spoken Language | Talk Fest : News Reading<br>Recitation Competition<br>- Class Level<br>- School Level | Free Periods/ Noon Time/Evening Time/Saturdays | English Club | PTA, SRG |
| ICT Enabled English Language Development | 1. Interview With Eminent Persons.<br>2. Video Conferencing.<br>3.English Fest/ English Film Show. | Saturday | English Club, SRG | PTA, SRG |
| Debates, Seminar | Interaction With English Poets/Writers-Directors Or Video Conferencing. | Twice In An Academic Year | English SRG | PTA, SRG |

## ഉപമേഖല – ഹിന്ദി (എച്ച്.എസ് )

### പ്രവർത്തന പദ്ധതികൾ–1

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തികം** |
|---|---|---|---|---|
| **ഹിന്ദി ഭാഷാശേഷി വികസിപ്പിക്കുക** | പഠനനില കണ്ടെത്തൽ (പ്രീ ടെസ്റ്റ് ) | ജൂൺ ആദ്യവാരം | ഹിന്ദി അധ്യാപകർ, എസ്.ആർ.ജി.കൺവീനർ | **പി ടി എ** |

| | | | | |
|---|---|---|---|---|
| | ബ്രിഡ്ജിംഗ് പ്രവർത്തനങ്ങൾ | ജൂൺ 1-15 | ഹിന്ദി അധ്യാപകർ | **പി ടി എ** |
| **ഹിന്ദി ഭാഷയോട് താത്പര്യം ജനിപ്പിക്കുക.** | **ഹിന്ദി കേൾക്കാം..പറയാം...**<br>- കഥ, കവിത, വാർത്ത, ഹിന്ദി സിനിമാഗാനം കേൾക്കൽ<br>**- സ്കൂൾ റേഡിയോ**<br>- ഷോർട്ട് ഫിലിം, ഫിലിം, റോൾ പ്ലേ ആസ്വാദനം<br>**അവതരണം**<br>- സംഭാഷണം, അഭിനയഗാനം, പ്രസംഗം, റോൾപ്ലേ, സ്കിറ്റുകൾ, റീൽസ് | ജൂൺ - മാർച്ച് | ഹിന്ദി അധ്യാപകർ, പ്രാദേശിക വിദഗ്ദർ | **പി ടി എ** |
| **എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വർധിപ്പിക്കുക** | **ഹിന്ദി വായിക്കാം..എഴുതാം...**<br>- കഥാവായന, കവിതാവായന, സ്ക്രിപ്റ്റ്, സ്കൂൾ പത്രവായന<br>**രചനകൾ**<br>- കഥാരചന, കവിതാരചന, ഡയറിക്കുറിപ്പ്, പത്രവാർത്ത, സ്കൂൾ പത്രത്തിലേക്കുള്ള രചനകൾ, ലേഖനം, അടിക്കുറിപ്പ്, തലക്കെട്ട്, ആശംസാ കാർഡ് , പത്രവാർത്ത, തർജിമ, പോസ്റ്റർ | ജൂൺ - മാർച്ച് | എസ് ആർ ജി, ഹിന്ദി അധ്യാപകർ, | പി ടി എ |
| **ഹിന്ദി ഭാഷാശേഷി വികസിപ്പിക്കുക** | ഹിന്ദി അസംബ്ലി | മാസത്തിൽ 1 ദിവസം | ഹിന്ദി അധ്യാപകർ, എസ്.ആർ.ജി.കൺവീനർ, ക്ലാസ് ടീച്ചർ, ക്ലാസ് ലീഡർ | **എസ് ആർ ജി, പി ടി എ** |
| | **ദിനാചരണങ്ങൾ**<br>ഷോർട്ട് ഫിലിംസ് പ്രദർശനം പ്രശ്നോത്തരി, പോസ്റ്റർ, വിശേഷാൽ പതിപ്പ് നിർമാണം | സെപ്റ്റംബർ | ഹിന്ദി അധ്യാപകർ, എസ്.ആർ.ജി.കൺവീനർ ക്ലാസ് ലീഡർ | പി ടി എ |

| | | | | |
|---|---|---|---|---|
| | **ഹിന്ദി റോൾ പ്ലേ –** (പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട, സാമൂഹ്യപ്രസക്തിയുള്ള ) | ശനിയാഴ്ച്ച കൾ | ഹിന്ദി അധ്യാപകർ, പി.ടി.എ | പി ടി എ |

# ഉപമേഖല – സോഷ്യൽ സയൻസ് (എച്ച്.എസ് )

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തികം** |
|---|---|---|---|---|
| കാലാവസ്ഥാ സാഹചര്യങ്ങളിലെ മാറ്റങ്ങൾ കൃത്യമായി മനസ്സിലാക്കലൽ | സ്കൂലിലെ വെതർ സ്റ്റേഷൻ സന്ദർശനം | ജൂലൈ | എസ്.എസ് ക്ലബ് | |
| സാമൂഹ്യാവബോധം ം വളർത്തൽ | ജൂലൈ 11,ആഗസ്റ്റ് 6,15 എന്നീ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട ക്വിസ്, പോസ്റ്റർ രചന എന്നിവ | ജൂൺ - ജനവരി | എസ്.എസ് ക്ലബ് | 500 രൂപ |
| ചരിത്രാവബോധം വളർത്തൽ | ചരിത്രസ്മാരകങ്ങളിലേക്കുള്ള പഠനയാത്ര | നവംബർ | എസ്.എസ് ക്ലബ്, സാമൂഹ്യശാസ്ത്രാധ്യ ാപകർ, പി ടി എ | |
| തിരഞ്ഞെടുപ്പ് പ്രക്രിയ പരിചയപ്പടുത്തലും ജനാധിപത്യസ്ഥാപനങ്ങൾ തിരിച്ചറിയലും | സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ് | ഒക്ടോബർ | എസ്.എസ് ക്ലബ് | |
| ഭരണഘടന മൂല്യങ്ങൾ തിരിച്ചറിയൽ | ഭരണഘടന ആമുഖം പരിചയപ്പെടൽ | നവംബർ | എസ്.എസ് ക്ലബ് | |
| സമകാലിക വാർത്താ പരിചയം | സ്കൂൾ ബുള്ളറ്റിൻ | ജൂലൈ - ഫെബ്രുവരി | എസ്.എസ് ക്ലബ് | 500 രൂപ |

## ഉപമേഖല – ഗണിതം (എച്ച്.എസ് )

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതശേഷികൾ ഉറപ്പാക്കൽ | പോർട്ട്ഫോളിയോ കൃത്യമായി തയാറാക്കുക.( നോട്ട്ബുക്ക്, വർക്ക് ഷീറ്റ്, പഠനത്തെളിവുകൾ, പ്രോജക്ടുകൾ,അസൈൻമെന്റുകൾ ) | ജൂൺ-ഫെബ്രുവരി | ഗണിതാധ്യാപകർ,പീർഗ്രൂപ്പ് | 1000 രൂപ |
| ടാലന്റ് ലാബ് | -ജ്യാമിതീയ രൂപങ്ങളുടെ നിർമാണം<br>-പ്രവർത്തന മാതൃക<br>-നിശ്ചലമാതൃക<br>-ഘനരൂപങ്ങളുടെ നിർമാണം<br>-ജ്യാമിതീയ ചാർട്ട് | ജൂൺ-ജനുവരി | ഗണിതാധ്യാപകർ | 2500 രൂപ |
| ഗണിതപ്രതിഭകളെ കണ്ടെത്തൽ | -നിരീക്ഷണം<br>- സി സി ഇ<br>-ടേം ഇവാലേഷൻ<br>-അസൈൻമെന്റ്സ്<br>-ക്വിസ് മത്സരങ്ങൾ<br>-പ്രോജക്ട് | ജൂൺ-ജനുവരി | ഗണിതാധ്യാപകർ<br>ഗണിതക്ലബ് | 250 രൂപ |
| ജ്യാമിതീയരൂപങ്ങളെക്കുറിച്ചുള്ള ധാരണ മെച്ചപ്പെടുത്തുക. | -ശില്പശാല<br>- ജിയോജിബ്ര സോഫ്റ്റ് വെയർ പരിചയപ്പെൽ, ഈ സോഫ്റ്റ്വെയർ ഉപയോഗിച്ച് ഗണിതപഠനം ലളിതവും രസകരവും ആകർഷകവുമാക്കൽ | ജൂൺ-ആഗസ്റ്റ് | ഗണിതാധ്യാപകർ<br>ഗണിതക്ലബ് | 1500 രൂപ |

# ഉപമേഖല – ഫിസിക്കൽ സയൻസ് (എച്ച്.എസ് )

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| രസതന്ത്രത്തിലെ അടിസ്ഥാനാശയങ്ങൾ ഉറപ്പിക്കൽ | - ആറ്റം,തന്മാത്ര,മൂലകങ്ങൾ,സംയുക്തങ്ങൾ, പ്രതീകം ,രാസസൂത്രം,രാസസമവാക്യം എന്നിവ അറിയുന്നതിനുള്ള പ്രവർത്തനങ്ങൾ | ജൂൺ-സെപ്റ്റംബർ | അധ്യാപകർ,സയൻസ് ക്ലബ് | |
| ഊർജതന്ത്രത്തിലെ അടിസ്ഥാനാശയങ്ങൾ ഉറപ്പിക്കൽ | -സായാഹ്നക്ലാസ്സുകൾ | ജൂൺ-ആഗസ്റ്റ് | അധ്യാപകർ,സയൻസ് ക്ലബ് | |
| ശാസ്ത്രപരീക്ഷണങ്ങളിലൂടെ ആശയങ്ങൾ ഉറപ്പിക്കൽ | ലാബധിഷ്ഠിത ക്ലാസ്സുകൾ | ജൂൺ- ഫെബ്രുവരി | അധ്യാപകർ,സയൻസ് ക്ലബ് | |
| ശാസ്ത്രപ്രതിഭകളെ കണ്ടെത്തൽ | -സയൻസ് ക്വിസ് | സെപ്റ്റംബർ-ഡിസംബർ | അധ്യാപകർ,സയൻസ് ക്ലബ് | |
| ശാസ്ത്രാഭിരുചി വളർത്തൽ | -ശാസ്ത്രമേള<br>-ശാസ്ത്രക്ലബ് പ്രവർത്തനങ്ങൾ | ജനുവരി-ഫെബ്രുവരി | അധ്യാപകർ,സയൻസ് ക്ലബ് | |
| അന്വേഷണാത്മകപഠനം പ്രോത്സാഹിപ്പിക്കൽ | വാന നിരീക്ഷണം, ജോതിശാസ്ത്ര ക്ലാസുകൾ, ശാസ്ത്ര-പ്രോജക്റ്റ് പരിചയപ്പെടുത്തൽ | ജനുവരി | അധ്യാപകർ,സയൻസ് ക്ലബ്,പി.ടി.എ | |

# ഉപമേഖല – ബയോളജി (എച്ച്.എസ് )

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തികം** |
|---|---|---|---|---|
| ജീവിതശൈലി രോഗങ്ങൾ വ്യായാമം ഭക്ഷണരീതി ഇവ തമ്മിലുള്ള ബന്ധം തിരിച്ചറിയുക. | ബോധവൽക്കരണ ക്ലാസ് ,കൊളാഷ് ക്ലാസ് സ്ഥലം,സംവാദം. | സെപ്റ്റംബർ - നവംബർ . | ജീവശാസ്ത്ര അധ്യാപകർ | |
| വയോജനങ്ങളോടുള്ള സമീപനം (ബന്ധം) ദൃഢമാക്കൽ. | വീഡിയോ പ്രദർശനം,വൃദ്ധസദനങ്ങൾ സന്ദർശിക്കൽ. | ഒക്ടോബർ | ജീവശാസ്ത്ര അധ്യാപകർ | |
| ശാസ്ത്ര പ്രതിഭകളെ കണ്ടെത്തൽ | -നിരീക്ഷണം (പ്രോജക്ട്)<br>-പ്രാദേശിക പക്ഷിനിരീക്ഷണം<br>-കൃഷിരീതിയിലെ വ്യത്യാസം<br>-കാർഷിക ഇനങ്ങൾ (പരമ്പരാഗതവും സങ്കരയിനങ്ങളും ) ( മൃഗങ്ങൾ, സസ്യങ്ങൾ )<br>-വൃക്ഷനിരീക്ഷണം | ജൂൺ-ജനുവരി | പരിസ്ഥിതി ക്ലബ്, അധ്യാപകർ | ഇല്ല |
| ശുചിത്വബോധം വളർത്തിയെടുക്കുക | -വ്യക്തിശുചിത്വം<br>-പരിസരശുചിത്വം (ക്ലാസ്, സ്കൂൾ)<br>-സമൂഹശുചിത്വം<br>-മഴക്കാലരോഗങ്ങളെ പ്രതിരോധിക്കുക<br>-ഡ്രൈ ഡേ ആചരണം പ്രോത്സാഹിപ്പിക്കുക | ജൂൺ-ആഗസ്റ്റ് | സ്കൂൾ പാർലമെന്റ് അംഗങ്ങൾ ,ക്ലാസധ്യാപകർ,പരിസ്ഥിതി ക്ലബ്, ജീവശാസ്ത്ര അധ്യാപകർ,എസ് പി സി, ജെ ആർ സി | |

# ഉപമേഖല – ഐ.സി.ടി (എച്ച്.എസ് )

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തികം** |
|---|---|---|---|---|
| ഐ സി ടി ഉപകരണങ്ങളുടെ സാധ്യത ഉപയോഗപ്പെടുത്തി ഡിജിറ്റൽ സ്കൂൾ മാഗസിൻ, ഡിജിറ്റൽ പത്രം എന്നിവ നിർമിക്കുന്നതിനുള്ള ശേഷി നേടുന്നതിന് | - ലിബർ ഓഫീസ് റൈറ്ററിൽ രചനകൾ തയാറാക്കി സ്കൂൾ മാഗസിൻ നിർമാണം<br>- സ്ക്രൈബസ് സോഫ്റ്റ്‌വെയർ ഉപയോഗിച്ച്. | മാസത്തിലൊരിക്കൽ | ലിറ്റിൽ കൈറ്റ്സ് | പി ടി എ |
| ഷോർട് ഫിലിം, റീൽസ് നിർമിക്കുന്നതിനുള്ള ശേഷി നേടുന്നതിന് | ഷോർട് ഫിലിം, റീൽസ് നിർമാണം (കെ ഡെൻ ലൈവ് സോഫ്റ്റ്‌വെയറുകൾ ഉപയോഗിച്ച് ) | സെപ്റ്റംബർ-നവംബർ | ഐ ടി ക്ലബ് | പി ടി എ |
| സ്കൂൾ പ്രവർത്തനങ്ങൾ ഡോക്യുമെന്റ് ചെയ്ത് സ്കൂൾ വിക്കിയിൽ രേഖപ്പെടുത്തുന്നതിന് | മികച്ച പ്രവർത്തനങ്ങൾ കണ്ടെത്തി വാർത്ത, കുറിപ്പുകൾ തയ്യാറാക്കൽ | ജൂൺ-ഫെബ്രുവരി | ഐ ടി ക്ലബ് | പി ടി എ |
| സ്കൂൾ റേഡിയോ പ്രവർത്തനങ്ങൾ മികച്ചതാക്കുന്നതിന് | പ്രോഗ്രാം റെക്കോഡിംഗ്, എഡിറ്റിംഗ് എന്നിവ | ജൂൺ-ഫെബ്രുവരി | ഐ ടി ക്ലബ് | പി ടി എ |

# ഉപമേഖല – പ്രവൃത്തിപരിചയം

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തികം** |
|---|---|---|---|---|
| ഫാബ്രിക് പെയിന്റിംഗിൽ പ്രാവീണ്യം നേടൽ | -തുണിയിൽ ചിത്രം വരയ്ക്കൽ<br>-നിറം നൽകൽ<br>-വർണങ്ങളുടെ സംയോജനം | ജൂൺ- ആഗസ്റ്റ് | അധ്യാപകർ | 1000 രൂപ |
| വിവിധ ഉൽ പന്നങ്ങളുടെ നിർ മാണത്തിൽ പ്രാവീണ്യം നേടൽ | - കവറുകൾ<br>-കാരീബാഗുകൾ<br>-നോട്ട് ബുക്ക്<br>-ചവിട്ടി | ജൂൺ- ഫെബ്രുവരി | അധ്യാപകർ | 2000 രൂപ |
| കൗതുക-അലങ്കാര വസ്തുക്കളുടെ നിർ മാണത്തിൽ പ്രാവീണ്യം നേടൽ | -വാഴനാര്, പാള, ചിരട്ട,മുള.... എന്നിവ കൊണ്ടുള്ള കരകൗശലവസ്തുക്കളുടെ നിർ മാണം<br>- പൂക്കൾ,തോരണങ്ങൾ നിർ മാണം | ജൂൺ- ഫെബ്രുവരി | അധ്യാപകർ | 1000 രൂപ |
| പരിസ്ഥിതി സൗഹൃദപ്രവർത്തനങ്ങളിൽ ഏർപ്പെടൽ | - ചെണ്ടുമല്ലി കൃഷി<br>- വിവിധതരം മുളകുകൾ | ജൂൺ- ജനവരി | അധ്യാപകർ | |
| കുട, സോപ്പ്, ലിക്വിഡ് നിർ മാണയൂണിറ്റുകൾ ആരംഭിക്കുക | - കുട, സോപ്പ്, ലിക്വിഡ് നിർ മാണം | ജൂൺ- ഫെബ്രുവരി | അധ്യാപകർ | SEP |

## ഉപമേഖല – സംഗീതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സംഗീതാഭിരുചി വളർത്തൽ | -വിവിധ സംഗീതോപകരണങ്ങൾ പരിചയപ്പെടുത്തല്<br>-ലോകസംഗീത ദിനാചരണം<br>-ദൃശ്യ ശ്രാവ്യ മാധ്യമങ്ങളുടെ ഉപയോഗം<br>-പ്രാദേശിക സംഗീതജ്ഞരുടെ സേവനം<br>- സ്കൂൾ റേഡിയോ പ്രവർത്തനങ്ങൾ | ജ്ജൂൺ-ഫെബ്രുവരി | അധ്യാപകർ | പി ടി എ |

## ഉപമേഖല – കായികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കായിക പരിശീലനം കാര്യക്ഷമമാക്കൽ | - കായിക പരിശീലനം<br>( വോളിബോൾ, ഹോക്കി) | ജ്ജൂൺ -ഫെബ്രുവരി | കായികാധ്യാപകർ | പി ടി എ |
| | -ദേശീയ കായികദിനാചരണം<br>- സ്പോർട്സ് ക്വിസ് | ആഗസ്റ്റ് | കായികാധ്യാപകർ | പി ടി എ |
| | - കേരള സംസ്ഥാന കായികദിനം<br>- ഉപന്യാസരചന | ഒക്ടോബർ | കായികാധ്യാപകർ | പി ടി എ |
| | - കായിക പ്രതിഭകളെ ആദരിക്കൽ | ജനുവരി | കായികാധ്യാപകർ | പി ടി എ |

## പ്രവർത്തന പദ്ധതികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എസ്.എസ്. എൽ.സി പരീക്ഷയിൽ സമ്പൂർണ വിജയം ലഭിക്കുന്നതിനായി പ്രവർ ത്തനങ്ങൾ ആവിഷ്കരിക്കുക. | കുട്ടികളുടെ നിലവാരത്തിനനുസരിച്ചുള്ള പ്രവർത്തനങ്ങളുടെ ആസൂത്രണം | ജൂൺ | എസ്.ആർ.ജി. കൺവീനർ, ക്ലാസ്സ് അധ്യാപകർ | ആർ.എം.എസ്.എ പി.ടി.എ ജില്ല പഞ്ചായത്ത് |
| | ഭവന സന്ദർശനം | ജൂൺ | ക്ലാസ്സ് അധ്യാപകർ | പി.ടി.എ, സ്റ്റാഫ് കൗൺസിൽ , |
| | പ്രവർത്തന പാക്കേജ് തയ്യാറാക്കൽ | ജൂൺ | എസ്.ആർ.ജി. കൺവീനർ, ക്ലാസ്സ്-വിഷയ അധ്യാപകർ | പി.ടി.എ രക്ഷിതാക്കൾ വിദഗ്ധർ, |
| | രക്ഷാകർതൃ സംഗമം | ജൂൺ | എസ്.ആർ.ജി. കൺവീനർ, ക്ലാസ്സ് അധ്യാപകർ | പി.ടി.എ, |
| | മോണിംഗ്– ഈവനിംഗ്, സാറ്റർഡ് ക്ലാസ്സുകൾ | | വിഷയാധ്യാപകർ | പി.ടി.എ |
| | യൂണിറ്റ് ടെസ്റ്റ് | | നോൺ ഡി-പ്ലസ് കൺ വീന ര ് ,വിഷയാധ്യാപക ർ | പി.ടി.എ, 10000 രൂപ |
| | ഡേ കേമ്പുകൾ | | എസ്.ആർ.ജി. കൺവീനർ, ക്ലാസ്സ് | വിദ്യാഭ്യാസവകുപ്പ്,പ ി.ടി.എ,1 ലക്ഷം രൂപ |

| | | | | |
|---|---|---|---|---|
| | | | അധ്യാപകർ | |
| | നൈറ്റ് കേമ്പുകൾ | | എസ്.ആർ.ജി. കൺവീനർ, ക്ലാസ്സ് അധ്യാപകർ | ട്രൈബൽ ഡിപ്പാർട്ട് മെന്റ്, 3.5 ലക്ഷം രൂപ |
| | പീർ ഗ്രൂപ്പ് രൂപീകരണം | | വിഷയാധ്യാപകർ | പി.ടി.എ |
| | ഫുൾ എ പ്ലസ് ടീം രൂപീകരണം | | വിഷയാധ്യാപകർ | പി.ടി.എ, പൂർവ വിദ്യാർഥികൾ |
| | ദത്തുനൽകൽ | | എസ്.ആർ.ജി. കൺവീനർ, ക്ലാസ്സ് അധ്യാപകർ | പി.ടി.എ |
| | പോസ്റ്റ് ടെസ്റ്റ് | ആഗസ്റ്റ് | എസ്.ആർ.ജി. കൺവീനർ, ക്ലാസ്സ് അധ്യാപകർ | പി.ടി.എ, |

# മേഖല– സാമൂഹികം

## പ്രവർത്തന പദ്ധതികൾ-1

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ ഹാജർ നില മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുക. | പ്രാദേശിക പി.ടി.എ കൾ രൂപീകരിക്കുക | ജൂൺ | പി.ടി.എ എസ്.ആർ.ജി. കൺവീനർ, എച്ച്.എം | പി.ടി.എ സന്നദ്ധ സംഘടനകൾ, |
| | പ്രാദേശിക കൂട്ടായ്മ സംഘടിപ്പിക്കുക | ജൂൺ | എച്ച്.എം, പ്രാദേശിക പി.ടി.എ രക്ഷാധികാരികൾ | പി.ടി.എ രക്ഷിതാക്കൾ, |

| | | | | |
|---|---|---|---|---|
| | | | | |
| | ഉന്നതി സന്ദർശനം | ആഗസ്റ്റ് | പി.ടി.എ രക്ഷാധികാരിക ൾ,ക്ലാസ്സ് ടീച്ച ർ,എസ്.ടി പ്രൊമോട്ടർ | പി.ടി.എ |

## പ്രവർത്തന പദ്ധതികൾ-2

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാമൂഹ്യ ബന്ധം ശക്തിപ്പെടുത്തുക. | - സ്കൂൾ വികസനത്തിന് പ്രദേശത്തെ വിദഗ്ധരുടെ സേവനം പ്രയോജനപ്പെടുത്തൽ | ജൂൺ- ആഗസ്റ്റ് | പി ടി എ, എസ്.ആർ.ജി | |

## പ്രവർത്തന പദ്ധതികൾ-3

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഉൾച്ചേർന്ന വിദ്യാഭ്യാസപ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക. | - CWSN കുട്ടികളുടെ ഗൃഹസന്ദർശനം<br>- പിറന്നാളാഘോഷം<br>- ശലഭോത്സവം കലാപരിപാടികൾ, അനുമോദനം | ജൂൺ- ജനുവരി | പി ടി എ, എസ്.ആർ.ജി | പി ടി എ |

## പ്രവർത്തന പദ്ധതികൾ-4

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ലൈബ്രറി പ്രവർ ത്തനങ്ങൾ ശാക്തീകര ിക്കക. | വായനയുടെ പ്രാധാന്യം- വിദഗ്ധന്റെ ക്ലാസ്സ് | ജൂൺ | എസ്.ആർ.ജി. കൺവീനർ, എച്ച്.എം, കൺവീനർ വിദ്യാരംഗം കലാസാഹിത്യ വേദി, കാട്ടിക്കുളം പബ്ലിക് ലൈബ്രറിയുടെ സേവനം | പി.ടി.എ സന്നദ്ധ സംഘടനക ൾ,1000 രൂപ |
| | സ്കൂൾ ലൈബ്രറിയിലെ പുസ്തക പ്രദർശനം | ജൂൺ | ലൈബ്രറി- ചുമതലയുള്ള ടീച്ചർ, ക്ലാസ്സ് അധ്യാപകർ , വിദ്യാരംഗം കൺവീനർ | പി.ടി.എ ആ ർ.എം.എസ്.എ ജില്ല പഞ്ചായത്ത്,250 രൂപ |
| | ക്ലാസ്സ് റീഡിംഗ് കോർ ണർ | ജൂൺ | ക്ലാസ്സ് ടീച്ചർ, ലൈബ്രറി- ചുമതലയുള്ള ടീച്ചർ | പി.ടി.എ |
| | വായന മത്സരങ്ങൾ | ജൂലൈ | ലൈബ്രറി- ചുമതലയുള്ള ടീച്ചർ,കൺവീനർ വിദ്യാരംഗം കലാസാഹിത്യ വേദി | പി.ടി.എ |
| | കുട്ടിലൈബ്രേറിയൻമാരെ കണ്ടെത്തൽ, പരിശീലനം | നവംബർ | ലൈബ്രറി- ചുമതലയുള്ള ടീച്ചർ,കൺവീനർ വിദ്യാരംഗം കലാസാഹിത്യ വേദി | പി.ടി.എ |
| | കുട്ടികളുടെ രചനകൾ, പ്രദർശനം, | ജനുവരി | ലൈബ്രറി- ചുമതലയുള്ള ടീച്ചർ,കൺവീനർ വിദ്യാരംഗം കലാസാഹിത്യ വേദി | എം.എൽ.എ, പി.ടി.എ, 1000 രൂപ |

## പ്രവർത്തന പദ്ധതികൾ-5

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്ലാസ്റ്റിക് വിമുക്ത ശുചിത്വ വിദ്യാലയ പ്രവർത്തനങ്ങൾ ശാക്തീകരിക്കുക | ശുചിത്വ വിദ്യാലയം -എന്റെ ലക്ഷ്യം ബോധവൽക്കരണ ക്ലാസ് | ജൂൺ | എസ്.ആർ.ജി. കൺവീനർ, നാച്വറൽ സയൻസ് ടീച്ചർ | പി.ടി.എ ജില്ല പഞ്ചായത്ത്, |
| | ശുചിത്വ പോസ്റ്റർ,കൊളാഷ് നിർമാണ മൽസരം | ജൂൺ | എസ്.ആർ.ജി. കൺവീനർ, നാച്വറൽ സയൻസ് ടീച്ചർ | പി.ടി.എ, |
| | ശുചിത്വ ക്ലാസ്സ്- സുന്ദരക്ലാസ്സ് മൽസരം | ഒക്ടോബർ | ശുചിത്വക്ലബ്ബ് | പി.ടി.എ, |
| | കുട്ടി ഡോക്ടർ പരിശീലനം | സെപ്റ്റംബർ | ആരോഗ്യവകുപ്പ് | ആരോഗ്യവകുപ്പ് |

## പ്രവർത്തന പദ്ധതികൾ-6

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ മാനസിക ശാരീരിക ആരോഗ്യം മെച്ചപ്പെടുത്തുന്നതിനായി മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുക. | ആരോഗ്യം -വ്യക്തിശുചിത്വം ബോധവൽക്കരണ ക്ലാസ് ( ബേഗുർ,അപ്പപ്പാറ പി.എച്ച്.സി കളിലെ ആരോഗ്യ പ്രപർത്തകർ) | ജൂലൈ | എച്ച്.എം, സീനിയർ അസിസ്റ്റന്റ്, നാച്വറൽ സയൻസ് ടീച്ചർ, സ്കൂൾ ഹെൽത്ത് കോർഡിനേറ്റർ | പി.ടി.എ ജില്ല പഞ്ചായത്ത്, |
| | ആരോഗ്യ കേരളം പോസ്റ്റർ,കൊളാഷ് ,ഡിജിറ്റൽ പോസ്റ്റർ നിർമാണ മൽസരങ്ങൾ | ജൂൺ | എസ്.ആർ.ജി. കൺവീനർ, നാച്വറൽ സയൻസ് ടീച്ചർ | പി.ടി.എ, |

## പ്രവർത്തന പദ്ധതികൾ-7

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| ലഹരിവിരുദ്ധ പ്രവർത്തനങ്ങളിൽ പങ്കാളികളാവുക. | ബോധവൽക്കരണ ക്ലാസ് ( എക്സൈസ്, ആരോഗ്യ പ്രവർത്തകർ, ഒ ആർ സി ) | ജൂൺ-മാർച്ച് | എച്ച്.എം, സീനിയർ അസിസ്റ്റന്റ്, നാച്വറൽ സയൻസ് ടീച്ചർ, സ്കൂൾ ഹെൽത്ത് കോർഡിനേറ്റർ | പി.ടി.എ ജില്ല പഞ്ചായത്ത് |
| | ലഹരിവിമുക്ത വിദ്യാലയം പോസ്റ്റർ,കൊളാഷ് ,ഡിജിറ്റൽ പോസ്റ്റർ നിർമാണ മൽസരങ്ങൾ , ചിത്ര രചന | | എസ്.ആർ.ജി. കൺവീനർ, നാച്വറൽ സയൻസ് ടീച്ചർ | പി.ടി.എ, |
| | മൈം, ഷോർട്ട് ഫിലിം, റീൽസ് നിർമാണ മൽസരങ്ങൾ | | വിമുക്തി ക്ലബ്ബ് | |

**മേൽ പറഞ്ഞരീതിയിൽ ആസൂത്രണം ചെയ്ത പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കിയാൽ ലക്ഷ്യം കൈവരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.**

**************************************

# അക്കാദമിക മാസ്റ്റർ പ്ലാൻ

## യു.പി. തലം

# GHSS Kartikulam

## 2025- 26

# UP വിഭാഗം

## അധ്യാപകരും വിവരങ്ങളും

| ക്ര.ന. | അധ്യാപകന്റെ പേര് | വിഷയം | ചുമതലകൾ |
|---|---|---|---|
| 1 | ബീന എം.ജി. | മലയാളം | വിദ്യാരംഗം |
| 2 | ഏലിയാമ്മ എബ്രഹാം | ഗണിതം<br>അടിസ്ഥാന ശാസ്ത്രം | കലാമേള |
| 3 | അന്ന എം.റ്റി | സാമൂഹ്യ ശാസ്ത്രം | ഇൻസ്പയർ |
| 4 | ഷാജ്ജ കെ.കെ | സാമൂഹ്യ ശാസ്ത്രം | പ്രഭാത ഭക്ഷണം, സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| 5 | വത്സ ജോസഫ് | മലയാളം | |
| 6 | സജിതരാജ് | ഇംഗ്ലീഷ്<br>ഗണിതം | PSITC |
| 7 | സോണ പി.എസ് | മലയാളം<br>ഗണിതം | പരീക്ഷ, ഗണിത ക്ലബ്ബ് |
| 8 | ദിവ്യ | ഇംഗ്ലീഷ്<br>ഗണിതം<br>സാമൂഹ്യ ശാസ്ത്രം | പരിസ്ഥിതി ക്ലബ്ബ് |
| 9 | അപർണ്ണ കെ. റെജി | മലയാളം<br>ഇംഗ്ലീഷ് | ആനുകാലികം കുട്ടികളിൽ |
| 10 | അർഷിത പി | അടിസ്ഥാന ശാസ്ത്രം | SRG, ശാസ്ത്രമേള, ശാസ്ത്ര ക്ലബ്ബ്,<br>USS,ടെക്സ്റ്റ് ബുക്ക് |
| 11 | അജയ് മോഹൻ | അടിസ്ഥാന ശാസ്ത്രം | പഠന യാത്ര, ഡോക്യുമെന്റഷൻ, ടൈം ടേബിൾ, ഉച്ചഭക്ഷണം |
| 12 | ഗീതുകൃഷ്ണൻ | ഇംഗ്ലീഷ് | ഗോത്ര ക്ലബ്ബ്, ഇംഗ്ലീഷ് ക്ലബ്ബ് |
| 13 | വിജി | കല | |
| 14 | രോഹിണി | ഹിന്ദി | |
| 15 | റോസമ്മ ചാക്കോ | പ്രവൃത്തി പരിചയം | |
| 16 | | അറബിക് | |

## ഭിന്നശേഷിയുള്ള കുട്ടികളുടെ പട്ടിക

| Class | VI | HI | MR | Autism | പഠന പിന്നോക്കം | അംഗപരിമിതി | ആകെ |
|---|---|---|---|---|---|---|---|
| V | | | | | | | |
| VI | | | | | | | |
| VII | | | | | | | |
| ആകെ | | | | | | | |

## നിലവിലുള്ള ഭൗതിക സാഹചര്യങ്ങൾ

| വിഭാഗം | നിലവിലുള്ളത് | ഇനി ആവശ്യമുള്ളത് |
|---|---|---|
| ക്ലാസ് മുറി | 10 | 2 |
| ടോയ്‌ലറ്റ് (ആൺ) | 1 | - |
| ടോയ്‌ലറ്റ്( പെൺ) | 2 | - |
| ക്ലാസ് മുറിയിൽ റാംപ് | 2 | 1 |
| കമ്പ്യൂട്ടർ ലാബ് | 1 | - |
| വായന മുറി | - | 1 |
| വിഷയ ലാബ് | 1 | 1 |
| ലാപ്ടോപ് | 34 | - |
| പ്രിൻററ് | - | 1 |
| സൗണ്ട് സിസ്റ്റം | - | 1 |
| പ്രൊജക്ടർ | 1 | 8 |
| വൈറ്റ് ബോർഡ് | 9 | 3 |
| സ്മാർട്ട് ടിവി | - | 1 |

## മറ്റ് ICT സാധ്യതകൾ

| സംവിധാനം | ഉണ്ട്/ഇല്ല |
|---|---|
| ഇന്റർനെറ്റ് | ഇല്ല |
| വെബ്സൈറ്റ് | |
| ബ്ലോഗ് | |
| സ്മാർട്ട് ക്ലാസ്സ്റൂം | ഇല്ല |

# അക്കാദമികം

## നേട്ടങ്ങൾ

തിരുനെല്ലി പഞ്ചായത്തിൽ ഏറ്റവും കൂടുതൽ കുട്ടികളെ കല, കായിക, ശാസ്ത്രമേളയിൽ പങ്കെടുപ്പിച്ച് വിജയം കൈവരിക്കാൻ കഴിയുന്ന വിദ്യാലയമായി മാറാൻ കഴിഞ്ഞു. യുഎസ്എസ് പോലുള്ള സ്കോളർഷിപ്പ് പരീക്ഷയിൽ മികച്ച വിജയം കൈവരിക്കാൻ കുട്ടികളെ പ്രാപ്തരാക്കി. കുട്ടികളുടെ നിലവാരത്തിന് അനുസരിച്ച് ആവശ്യമായ പ്രത്യേക പരിശീലനം നൽകി കുട്ടികളിൽ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നത് വിജയത്തിളക്കത്തിലേക്ക് നയിക്കുന്നു. പ്രവർത്തനങ്ങളിലൂടെ പഠിക്കാനും ഉതകുന്ന രീതിയിൽ ആസൂത്രണം നടത്തുന്നു. പരിസ്ഥിതി ക്ലബ്ബ്, ഊർജ്ജ ക്ലബ്ബ് ,ഗോത്ര ക്ലബ്ബ് തുടങ്ങിയ വൈവിധ്യമാർന്ന പ്രവർത്തനങ്ങളിലൂടെ പഠനത്തോടൊപ്പം സേവന മനോഭാവം വർദ്ധിപ്പിക്കാൻ കഴിയുന്നു.

2023-24 അധ്യയന വർഷം ഗവൺമെൻറ് സ്കൂളിൽ ശാസ്ത്രമേളയിൽ ഒന്നാം സ്ഥാനവും ഐടി മേളയിൽ സെക്കൻഡ് റണ്ണറപ്പും ഗണിതശാസ്ത്രമേളയിൽ രണ്ടാം സ്ഥാനവും മാനന്തവാടി ഉപജില്ലാ ശാസ്ത്രോത്സവത്തിൽ 103 സ്കൂളുകളിൽ പതിനാലാം സ്ഥാനവും ഗവൺമെൻറ് സ്കൂളിൽ നാലാം സ്ഥാനവും നേടാൻ യു പി വിഭാഗത്തിന് കഴിഞ്ഞു. അതുപോലെ കലാമേളയിൽ ഗവൺമെൻറ് സ്കൂളിൽ മൂന്നാം സ്ഥാനം നേടാൻ നേടാനും സാധിച്ചു

## പരിമിതികൾ

ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പുവരുത്തി ഏറ്റവും കൂടുതൽ കുട്ടികൾ കലാ, കായിക, ശാസ്ത്രമേള, മത്സരപരീക്ഷകൾ, സ്കോളർഷിപ്പ് പരീക്ഷകൾ എന്നിവയിൽ മികച്ച വിജയം നേടുന്നു. എങ്കിലും എല്ലാ

ക്ലാസ് മുറികളും (UP) ഹൈടെക് നിലവാരത്തിലേക്ക് ഉയർന്നില്ല. ആകെ രണ്ട് ക്ലാസ്സ് മുറികളിലാണ് പ്രൊജക്ടർ സൗകര്യം ഉള്ളത്. അത് രണ്ടും പ്രവർത്തന രഹിതമാണ്. UP യിലെ മുഴുവൻ ക്ലാസ് മുറികളും ഹൈടെക് നിലവാരത്തിൽ എത്തേണ്ടതുണ്ട്

ഗണിത ലാബ്, സാമൂഹ്യ ശാസ്ത്ര ലാബ്, ശാസ്ത്ര ലാബ് എന്നിവ UP ക്ക് പ്രത്യേകമായി ഇല്ല. പ്രവർത്തിച്ച് പഠിക്കുക, അന്വേഷണാത്മകമായും നിരീക്ഷിച്ചും പഠിക്കുക തുടങ്ങിയ പഠന രീതികൾ പൂർണമായ അർത്ഥത്തിൽ ഫലപ്രദമായി നടപ്പിലാക്കാൻ പ്രത്യേക ലാബ് സൗകര്യം അത്യാവശ്യമാണ്. പ്രൈമറി IT ലാബ് കുട്ടികൾക്ക് ഇരുന്ന് പ്രവർത്തിക്കാൻ ഉതകുന്നതല്ല. ഇത് കൂടുതൽ സൗകര്യത്തോടെ മെച്ചപ്പെടുത്തേണ്ടതുണ്ട്. മത്സര പരീക്ഷകൾക്ക് തയ്യാറെടുക്കുന്ന കുട്ടികൾക്കും വായന പരിപോഷിപ്പിക്കുന്നതിനുമായി മുഴുവൻ സമയം പ്രവർത്തിക്കുന്ന ലൈബ്രറി ആവശ്യമായിട്ടുണ്ട്.

# ഭൗതികം

## നേട്ടങ്ങൾ

നിലവിൽ 9 ക്ലാസ് മുറികൾ ടൈൽ പാകി മോടിപിടിപ്പിച്ചു. 10 ക്ലാസ് മുറികളും പെയിൻറ് അടിച്ചു. ക്ലാസ് റൂമിനോട് അടുത്ത് പെൺകുട്ടികൾക്കുള്ള ടോയ്‌ലറ്റ് ഗ്രാമീൺ ബാങ്കിന്റെ സഹായത്തോടെ നിർമിച്ചു. 34 ലാപ്ടോപ്പുകൾ സജ്ജീകരിച്ച് ഒരു ഐടി ക്ലാസ്സ് റൂം പ്രവർത്തിച്ചുവരുന്നു.

## പരിമിതികൾ

UP യിൽ നിലവിൽ 11 ക്ലാസ് മുറികളിൽ പത്തെണ്ണവും ഹൈടെക് നിലവാരത്തിലേക്ക് ഉയരണം. നിലവാരമുള്ള ഇരിപ്പിടങ്ങൾ ഒരുക്കേണ്ടതുണ്ട്. വിശാലമായ ലൈബ്രറി ഉണ്ടെങ്കിലും റീഡിങ് റൂം സൗകര്യം വിശാലമായ റൂമിലേക്ക് മാറ്റേണ്ടതുണ്ട്. ഇതിനായി ഒരു റീഡിങ് റൂം കണ്ടെത്തേണ്ടതുണ്ട്. ആകർഷകമായ വിധത്തിൽ പൂന്തോട്ടം ജൈവവൈവിധ്യ പാർക്ക് എന്നിവ ഒരുക്കേണ്ടതുണ്ട്. കായിക അഭിരുചിയുള്ള കുട്ടികൾ അനവധി ഉണ്ടെങ്കിലും യു.പി. വിഭാഗത്തിന് ഒരു കായിക അധ്യാപകനോ പരിശീലനത്തിന് ആവശ്യമായ സാധനസാമഗ്രികളോ കളിസ്ഥലമോ ഇല്ല എന്നുള്ളത് ഒരു വാസ്തവമാണ്.

# സാമൂഹികം

## നേട്ടങ്ങൾ

സ്കൂളിലെ വൈവിധ്യമാർന്ന സന്നദ്ധ സംഘടനകളുടെ പ്രവർത്തനം സമൂഹവുമായി സ്കൂളിനെ ബന്ധിപ്പിക്കുന്നതിന് ഏറെ സഹായിക്കുന്നു. അതുപോലെ ഗോത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ വർഷത്തിൽ ചുരുങ്ങിയത് 3 തവണയെങ്കിലും ഉന്നതികൾ സന്ദർശിക്കുന്നത് രക്ഷിതാക്കളും അധ്യാപകരും തമ്മിലുള്ള ബന്ധം നില നിർത്താൻ സഹായിക്കുന്നു.

## പരിമിതികൾ

പ്രവർത്തനങ്ങളുടെ ബാഹുല്യം കൊണ്ടും പഠന സമയം കൂടുതൽ നഷ്ടപ്പെടുന്നതിനാലും പഠന സമയത്തുള്ള ചില പ്രവർത്തനങ്ങളെങ്കിലും ഏറ്റെടുക്കാനുള്ള പരിമിതി ഉണ്ട്. ST വിഭാഗം കുട്ടികൾ കൂടുതൽ പഠിക്കുന്ന വിദ്യാലയം എന്ന നിലയ്ക്ക് രക്ഷിതാക്കളും സ്കൂളുമായി ബന്ധം നിലനിർത്തുന്ന കൂടുതൽ പ്രവർത്തനങ്ങൾ ചെയ്യേണ്ടതുണ്ട്.

## അക്കാദമിക മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

## വികസന ലക്ഷ്യങ്ങൾ

1. ഭാഷാശേഷി വികസനം
2. ഗണിത ശേഷി വികസനം
3. ഇംഗ്ലീഷ് പഠനം അനായാസകരമാക്കൽ
4. വായനാ ശേഷി വർദ്ധിപ്പിക്കൽ
5. ശാസ്ത്രപോഷണ പരിപാടി
6. ലബോറട്ടറി നവീകരണം -ശാസ്ത്രം, ഗണിതം, സോഷ്യൽ സയൻസ്
7. പ്രതിഭാ പോഷണ പരിപാടി
8. ലൈബ്രറി ശാക്തീകരണം
9. സ്കോളർഷിപ്പ് പരീക്ഷ പരിശീലനം
10. പഠനയാത്രകൾ

11. സ്കൂൾ പത്രം ,മാസിക

12. അധ്യാപക ശാക്തീകരണം -സ്കൂൾ SRG

13. പ്രവർത്തി പരിചയ പരിശീലനം

14. കലാപരിപോഷണം

15. ഭാഷ ലാബ്

16. ദിനാചരണങ്ങൾ ശക്തിപ്പെടുത്തൽ

17. ഗവേഷണാത്മക പഠനം

18. കായിക ശേഷി വികസനം

19. വിലയിരുത്തൽ കാര്യക്ഷമമാക്കൽ

20. ചോദ്യപേപ്പർ ശിൽപ്പശാല

21. ഐടി പഠനം കാര്യക്ഷമമാക്കൽ

22. ശാസ്ത്ര ഗണിതശാസ്ത്ര സോഷ്യൽ സയൻസ് ഐടി പ്രവർത്തിപരിചയമേളകൾ

23. ക്ലാസ് പിടിഎ കാര്യക്ഷമമാക്കൽ

24. കുട്ടികളിൽ ആനുകാലികം വളർത്തിയെടുക്കൽ- പ്രതിമാസ ക്വിസ് മത്സരം

25. ഗൃഹ സന്ദർശനം

# പ്രവർത്തനം - വിശദാംശങ്ങൾ

**ഉപമേഖല - ഇംഗ്ലീഷ്**
**പ്രവർത്തനം 1 - ഭാഷാശേഷി വികസനം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം /പിന്തുണ | റിമാർക്ക് |
|---|---|---|---|---|---|
